**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4783** **02-07-2024 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ; | (എ) | കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക് മുനിസിപ്പാലിറ്റി /കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>സംസ്ഥാനത്തെ ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവരുടെ നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി. പദ്ധതിയുടെ നിർവഹണ ഏജൻസി വാസ്തുവിദ്യാ ഗുരുകുലം ആണ്. ഗ്രാമീണ കലാ കേന്ദ്രം പദ്ധതിയിലുൾപ്പെടുത്തി രൂപീകരിച്ച സ്വയം സഹായ സംഘങ്ങൾക്ക് നിർവ്വഹണ ഏജൻസി മുഖേന പരിശീലനം നൽകി വരുന്നുണ്ട്.<br><br>പാരമ്പര്യകലകൾ മാത്രമല്ല ഗോത്രകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, നാടൻ |

കലകൾ, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം, കഥാപ്രസംഗം, തെരുവുനാടകം എന്നീ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ച് വയ്ക്കുകയും ചെയ്യുന്ന പരിപാടിയാണ് **മഴമിഴി മൾട്ടിമീഡിയ മെഗാ സ്ട്രീമിങ്.** വിവിധ ഗോത്രകലാരൂപങ്ങളെ പുതു തലമുറയിലെ വിദ്യാർത്ഥി സമൂഹത്തിനായി പരിചയപ്പെടുത്തുവാനും ഗോത്രകലാരൂപങ്ങൾ ആർക്കൈവ് ചെയ്യുവാനും '**തളിർമിഴി**' എന്ന പരിപാടിയിലൂടെ കഴിയുന്നുണ്ട്.

**ഐലൻഡ് ഫെസ്റ്റ് 2024** : ഇന്ത്യൻ ദ്വീപുകളിൽ പാരമ്പര്യ കലാവതരണങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലക്ഷദ്വീപിൽ ഒരുക്കിയ കേരളീയ രംഗ കലാസമന്വയമാണ് ഐലൻഡ് ഫെസ്റ്റ് 2024 .

**കേരളത്തനിമ:** കേരളത്തിന്റെ തനത് കലാരൂപങ്ങളും സംസ്കാരവും വിവിധ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പരിചയപ്പെടുത്തുന്നതിനായി ഒരുക്കുന്ന മൾട്ടിമീഡിയ സാംസ്കാരിക വിനിമയവിരുന്നുകൾ നടക്കുന്നുണ്ട്.

കടലോരങ്ങളിൽ ജീവിക്കുന്ന സമൂഹത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ അവതരണത്തിനും വാമൊഴികൾ ആർക്കൈവ് ചെയ്ത് സൂക്ഷിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് **കടൽമിഴി തീരദേശ സർഗ്ഗയാത്ര.**

ഫോക് ലോർ അക്കാഡമി അന്യം നിന്നു തുടങ്ങിയ 5 കലാരൂപങ്ങൾ കഴിഞ്ഞ വർഷം പുനരവതരിപ്പിച്ചിട്ടുണ്ട്. നാടൻകല അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ് നൽകി വരുന്നുണ്ട്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിള കലകളുടെ സംരക്ഷണത്തിനായി കലാപഠന ക്യാമ്പുകളും റഗുലർ ക്ലാസുകളും ശിൽപശാലകളും നടത്തി വരുന്നു.

ഗോത്രകലകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലയാളം മിഷന്റെ ഓൺലൈൻ റേഡിയോ മലയാളം ഗോത്ര മലയാളം എന്ന പേരിൽ ഏകദിന സെമിനാറും ഗോത്രകലാ സന്ധ്യയും അവതരിപ്പിച്ചു. അന്യം നിന്നു പോകുന്ന പാരമ്പര്യകലകളെ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കാനും "പയമേ പണലി" മലയാളം മിഷന്റെ റേഡിയോ മലയാളം വഴി സംപ്രേക്ഷണം ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| | | | പരമ്പരാഗത ചുമർചിത്രം, പരമ്പരാഗത കളിമൺശില്പം, വെങ്കല – കരിങ്കൽ ശില്പം, ദാരുശില്പം തുടങ്ങിയ തനത് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാമ്പുകളും വർക്ക്ഷോപ്പുകളും എക്സിബിഷനുകളും ലളിത കലാ അക്കാദമി സംഘടിപ്പിച്ചു വരുന്നു.<br><br>കേരളത്തിന്റെ പാരമ്പര്യ കലയായ കേരളീയ ചുമർചിത്രകലയുടെ സംരക്ഷണം വാസ്തുവിദ്യാ ഗുരുകുലത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പാരമ്പര്യകലകളായ കഥകളി, തോൽപ്പാവ കലാകാരന്മാരെയും വകുപ്പിന്റെ ഗ്രാമീണ കലാകേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാസ്തുവിദ്യാ വിഷയങ്ങളിലും ചുമർചിത്രകലയിലും വിവിധ അക്കാദമിക് കോഴ്സുകൾ വാസ്തുവിദ്യാ ഗുരുകുലം വിദ്യാർത്ഥികൾക്കായി നടത്തിവരുന്നു.<br><br>ജില്ലകളിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളിൽ ഇത്തരം പാരമ്പര്യകലാവതരണങ്ങൾക്ക് സൗകര്യം ഒരുക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിവരുന്നതെന്നും എല്ലാ ജില്ലകളിലും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിച്ച് പാരമ്പര്യകലകളുടെ വ്യാപനം സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സമുച്ചയങ്ങൾ ഈ ആവശ്യത്തിനുകൂടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക് മുനിസിപ്പാലിറ്റി /കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.<br><br>സംസ്ഥാനത്തെ ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവരുടെ നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം പദ്ധതി. പദ്ധതിയുടെ നിർവഹണ ഏജൻസി വാസ്തുവിദ്യാ ഗുരുകുലം ആണ്. ഗ്രാമീണ കലാ കേന്ദ്രം പദ്ധതിയിലുൾപ്പെടുത്തി രൂപീകരിച്ച സ്വയം സഹായ |

സംഘങ്ങൾക്ക് നിർവ്വഹണ ഏജൻസി മുഖേന പരിശീലനം നൽകി വരുന്നുണ്ട്.

പാരമ്പര്യകലകൾ മാത്രമല്ല ഗോത്രകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, നാടൻ കലകൾ, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം, കഥാപ്രസംഗം, തെരുവുനാടകം എന്നീ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന പരിപാടിയാണ് **മഴമിഴി മൾട്ടിമീഡിയ മെഗാ സ്ട്രീമിങ്.** വിവിധ ഗോത്രകലാരൂപങ്ങളെ പുതു തലമുറയിലെ വിദ്യാർത്ഥി സമൂഹത്തിനായി പരിചയപ്പെടുത്തുവാനും ഗോത്രകലാരൂപങ്ങൾ ആർക്കൈവ് ചെയ്യുവാനും '**തളിർമിഴി**' എന്ന പരിപാടിയിലൂടെ കഴിയുന്നുണ്ട്.

**ഐലൻഡ് ഫെസ്റ്റ് 2024** : ഇന്ത്യൻ ദ്വീപുകളിൽ പാരമ്പര്യ കലാവതരണങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലക്ഷദ്വീപിൽ ഒരുക്കിയ കേരളീയ രംഗ കലാസമന്വയമാണ് ഐലൻഡ് ഫെസ്റ്റ് 2024 .

**കേരളത്തനിമ:** കേരളത്തിന്റെ തനത് കലാരൂപങ്ങളും സംസ്കാരവും വിവിധ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പരിചയപ്പെടുത്തുന്നതിനായി ഒരുക്കുന്ന മൾട്ടിമീഡിയ സാംസ്കാരിക വിനിമയവിരുന്നുകൾ നടക്കുന്നുണ്ട്.

കടലോരങ്ങളിൽ ജീവിക്കുന്ന സമൂഹത്തിന്റെ പരമ്പരാഗത കലാരൂപങ്ങളുടെ അവതരണത്തിനും വാമൊഴികൾ ആർക്കൈവ് ചെയ്ത് സൂക്ഷിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് **കടൽമിഴി തീരദേശ സർഗ്ഗയാത്ര.**

ഫോക് ലോർ അക്കാഡമി അന്യം നിന്നു തുടങ്ങിയ 5 കലാരൂപങ്ങൾ കഴിഞ്ഞ വർഷം പുനരവതരിപ്പിച്ചിട്ടുണ്ട്. നാടൻകല അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റ് നൽകി വരുന്നുണ്ട്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിള കലകളുടെ സംരക്ഷണത്തിനായി കലാപഠന ക്യാമ്പുകളും റഗുലർ ക്ലാസുകളും ശിൽപശാലകളും നടത്തി വരുന്നു.

ഗോത്രകലകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലയാളം മിഷന്റെ ഓൺലൈൻ റേഡിയോ മലയാളം

| | | | |
|---|---|---|---|
| | | | ഗോത്ര മലയാളം എന്ന പേരിൽ ഏകദിന സെമിനാറും ഗോത്രകലാ സന്ധ്യയും അവതരിപ്പിച്ചു. അന്യം നിന്നു പോകുന്ന പാരമ്പര്യകലകളെ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കാനും "പയമേ പണലി" മലയാളം മിഷന്റെ റേഡിയോ മലയാളം വഴി സംപ്രേക്ഷണം ചെയ്യുന്നുണ്ട്.<br><br>പരമ്പരാഗത ചുമർചിത്രം, പരമ്പരാഗത കളിമൺശില്പം, വെങ്കല – കരിങ്കൽ ശില്പം, ദാരുശില്പം തുടങ്ങിയ തനത് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാമ്പുകളും വർക്ക്ഷോപ്പുകളും എക്സിബിഷനുകളും ലളിത കലാ അക്കാദമി സംഘടിപ്പിച്ചു വരുന്നു.<br><br>കേരളത്തിന്റെ പാരമ്പര്യ കലയായ കേരളീയ ചുമർചിത്രകലയുടെ സംരക്ഷണം വാസ്തുവിദ്യാ ഗുരുകുലത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പാരമ്പര്യകലകളായ കഥകളി, തോൽപ്പാവ കലാകാരന്മാരെയും വകുപ്പിന്റെ ഗ്രാമീണ കലാകേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാസ്തുവിദ്യാ വിഷയങ്ങളിലും ചുമർചിത്രകലയിലും വിവിധ അക്കാദമിക് കോഴ്സുകൾ വാസ്തുവിദ്യാ ഗുരുകുലം വിദ്യാർത്ഥികൾക്കായി നടത്തിവരുന്നു.<br><br>ജില്ലകളിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളിൽ ഇത്തരം പാരമ്പര്യകലാവതരണങ്ങൾക്ക് സൗകര്യം ഒരുക്കുന്നതാണ്. |
| (സി) | ദേശീയ, അന്തർദേശീയ വേദികളിൽ കേരളത്തിന്റെ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിക്കുമോ; | (സി) | വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി മുഖേന ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നുണ്ട്.<br><br>വാസ്തുവിദ്യാ വിഷയങ്ങളിലും ചുമർചിത്രകലയിലും വിവിധ അക്കാദമിക് വാസ്തുവിദ്യാ ഗുരുകുല കോഴ്സുകൾ വിദ്യാർത്ഥികൾക്കായി നടത്തിവരുന്നുണ്ട്.<br><br>പരമ്പരാഗത ചുമർചിത്രം, പരമ്പരാഗത കളിമൺശില്പം, വെങ്കല – കരിങ്കൽ ശില്പം, ദാരുശില്പം തുടങ്ങിയ തനത് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാമ്പുകളും |

| | | | |
|---|---|---|---|
| | | | വർക്ക്ഷോപ്പുകളും എക്സിബിഷനുകളും ലളിത കലാ അക്കാദമി സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിള കലകളുടെ സംരക്ഷണത്തിനായി കലാപഠന ക്യാമ്പുകളും റഗുലർ ക്ലാസുകളും ശിൽപശാലകളും നടത്തി വരുന്നുണ്ട്. |
| (ഡി) | പാരമ്പര്യകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പാരമ്പര്യ കലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന വാസ്തുവിദ്യാഗുരുകുലം, ഗുരു ഗോപിനാഥ് നടനഗ്രാമം എന്നീ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതവും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നൽകുന്ന അനാവർത്തന ഗ്രാന്റിനുള്ള ബജറ്റ് വിഹിതവും നടപ്പ സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, ഗോത്രകലയുടെയും സംസ്കാരത്തിന്റെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമാക്കി പദ്ധതികൾ നടപ്പിലാക്കുന്നതിന് ബജറ്റ് ശീർഷകവും വിഹിതവും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പാരമ്പര്യകലകളുടെയും ശാസ്ത്രീയകലകളുടെയും സ്വീകാര്യത അന്താരാഷ്ട്രതലത്തിൽ ഉറപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഒരു സാംസ്കാരിക സർവകലാശാലയ്ക്ക് രൂപം കൊടുക്കുമോ? | (ഇ) | നിലവിൽ കൽപിത സർവ്വകലാശാല ആയി പ്രവർത്തിച്ച് വരുന്ന കേരളകലാമണ്ഡലം സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സമ്പൂർണ്ണ സർവ്വകലാശാല രൂപീകരിക്കുന്നതിന് പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ഡോ.സുഭാഷ് ചന്ദ്രനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് വിദഗ്ദസമിതി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ